
# CURRENT AFFAIRS 21 MAY 2025



രാജീവ് ഗാന്ധി

## ദേശീയ ഭീകരവാദ വിരുദ്ധ ദിനം

**മെയ് 21**

- മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി 1991 ൽ ശ്രീപെരുംപുതൂരിൽ വധിക്കപ്പെട്ടതിന്റെ ഓർമ ദിനമാണ് ദേശീയ ഭീകരവാദ വിരുദ്ധ ദിനമായി ആചരിക്കുന്നത്.
- ജനങ്ങൾക്കിടയിൽ സമാധാനം, മാനവികത, ഐക്യം, സൗഹാർദ്ദം എന്നിവയുടെ സന്ദേശം പ്രചരിപ്പിക്കുകയും ഭീകരവാദത്തിന്റെ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളെ ക്കുറിച്ച് അവരെ ബോധവത്കരിക്കുകയും ചെയ്യുക എന്നതാണ് ഈ ദിനാചരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

---

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ട്രേഡിന്റെ (IIFT) ആദ്യത്തെ വിദേശ കാമ്പസ് നിലവിൽ വരുന്നത്

**ദുബായ്**

---



ബന്ദാരു ദത്താത്രേയ

## ഹരിയാന ഗവർണർ ശ്രീ ബന്ദാരു ദത്താത്രേയയുടെ ആത്മകഥ

**ജനതാ കി കഹാനി മേരി ആത്മകഥ**

---



## കേരളത്തിലെ രണ്ടാമത്തെ ഡ്രോൺ സെന്റർ ഓഫ് എക്സലൻസ് പരിശീലന കേന്ദ്രം നിലവിൽ വന്ന ജില്ല

**തിരുവനന്തപുരം**

- ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അസാപ് കേരളയും തമിഴ്നാട് അണ്ണാ സർവകലാശാലയുടെ സെന്റർ ഫോർ എയ്റോസ്പേസ് റിസർച്ച്- ഡ്രോൺ സെന്റർ ഓഫ് എക്സെലൻസും സംയുക്തമായാണ് ഡ്രോൺ സെന്റർ ഓഫ് എക്സലൻസ് പരിശീലന കേന്ദ്രം നഗരൂർ രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിങ് ആൻഡ് ടെക്നോളജിയിൽ ആരംഭിച്ചത്.
- സംസ്ഥാനത്ത് അസാപ് ആരംഭിച്ച ആദ്യത്തെ ഡ്രോൺ പരിശീലന കേന്ദ്രം കാസർഗോഡാണ്.

---



## സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ രാജ്യത്തെ ആദ്യ സംസ്ഥാനം

**കേരളം**

- സംസ്ഥാന സർക്കാർ 2022ൽ ആരംഭിച്ച ഡിജി കേരളം പദ്ധതിയിലൂടെയാണ് കേരളം ഈ നേട്ടം കൈവരിച്ചത്.
- 14 മുതൽ 65 വയസ്സ് വരെയുള്ളവരുടെ കണക്കുകളാണ് ഡിജിറ്റൽ സാക്ഷരത കണക്കാക്കുന്നതിന് പരിഗണിച്ചത്.